## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.49 — 10.06.2013 ൽ മറുപടിയ്ക്ക്

## കസ്തൂരിരംഗൻ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.സാജു പോൾ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.വി.ചെന്താമരാക്ഷൻ | | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഗാഡ്ഗിൽ സമിതി റിപ്പോർട്ടിനെക്കുറിച്ച് പഠിക്കാൻ സംസ്ഥാനത്തെത്തിയ കസ്തൂരിരംഗൻ കമ്മീഷൻ കേന്ദ്ര ഗവണ്മെന്റിന് റിപ്പോർട്ട് സമർപ്പിച്ചതായി അറിയാമോ; | (എ) | അറിയാം. |
| (ബി) സംസ്ഥാനത്ത് ഏതെല്ലാം വിഭാഗങ്ങളിലുള്ളവരിൽ നിന്നും പരാതി കേൾക്കുകയുണ്ടായി; ഏതെല്ലാം സ്ഥലങ്ങൾ കമ്മീഷൻ സന്ദർശനം നടത്തുകയുണ്ടായി; | (ബി) | ശ്രീ.കസ്തൂരിരംഗൻ ചെയർമാനായ ഉന്നതതല സമിതി മുഖ്യമന്ത്രി, ബന്ധപ്പെട്ട മന്ത്രിമാർ, സർക്കാർ സെക്രട്ടറിമാർ, വകുപ്പുതലവന്മാർ, ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞന്മാർ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയുണ്ടായി.<br>അതിരപ്പള്ളി, വയനാട്, ഇടുക്കി എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. |
| (സി) ജനജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന എന്തെങ്കിലും സംഗതികൾ സർക്കാർ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായോ; | (സി) | പ്രൊഫ:മാധവ് ഗാഡ്ഗിൽ ചെയർമാനായ പശ്ചിമഘട്ട ആവാസ വ്യവസ്ഥാ വിദഗ്ധ സമിതിയുടെ അപ്രായോഗിക ശുപാർശകൾ പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് സർക്കാർ സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തിന്റെ പ്രത്യേകമായ പ്രശ്നങ്ങൾ |

പരിഗണിക്കണമെന്ന ആവശ്യം ഉന്നയിക്കുകയുണ്ടായി.

(ഡി) കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് അറിയാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(ഡി) ഉണ്ട്.

ശുപാർശകൾ

1. പശ്ചിമഘട്ട പ്രദേശങ്ങളുടെ ആകെ വിസ്തീർണ്ണം 1,64,280 ച.കിലോമീറ്റർ ആയിരിക്കും. അതിൽ 68,249 ച.കിലോമീറ്റർ വരുന്ന പ്രകൃത്യായുള്ള ഭൂപ്രദേശങ്ങളുടെ 90% അതായത് 59,940 ച.കിലോമീറ്റർ പരിസ്ഥിതി ലോല പ്രദേശങ്ങളായിരിക്കും.

2.പരിസ്ഥിതി ലോല പ്രദേശങ്ങളിൽ സംരക്ഷിത വനപ്രദേശങ്ങളും ഉൾപ്പെടും. എന്നാൽ വനമേഖലകളിൽ, നിലവിലുള്ള വനനിയമങ്ങൾ ബാധകമായിരിക്കും.

3 പൊതുതാല്പര്യം മുൻനിർത്തി കേന്ദ്ര സർക്കാർ, റിപ്പോർട്ടു പ്രകാരമുള്ള പരിസ്ഥിതി ലോല പ്രദേശങ്ങൾ ഉടനടി വിജ്ഞാപനം ചെയ്യണം: പശ്ചിമഘട്ടത്തിൽ അവശേഷിക്കുന്ന ജൈവവൈവിധ്യം സംരക്ഷിക്കേണ്ടത് അടിയന്തിര ആവശ്യമായിരിക്കുന്നു.

4. വിജ്ഞാപനം ചെയ്യുന്ന പരിസ്ഥിതി ലോല മേഖലകളിൽ റിപ്പോർട്ടിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾ ബാധകമാക്കണം.

5.പദ്ധതികൾ നടപ്പാക്കുന്നതിൽ നിർദ്ദേശിച്ചിരിക്കുന്ന നിയന്ത്രണങ്ങൾ ഫലപ്രദമാക്കാനായി സംസ്ഥാന സർക്കാരുകൾ വേണ്ട സംവിധാനങ്ങൾ ഒരുക്കണം. പശ്ചിമഘട്ട മേഖലകളിലെ ജില്ലകളിൽ വികസന സംരഭങ്ങൾ നിർദ്ദേശിക്കപ്പെടുമ്പോൾ, പരിസ്ഥിതി ലോല മേഖലകളിൽ നിന്നുള്ള ദൂരം അറിയിക്കാൻ വനം-പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെടണം.

6. പരിസ്ഥിതി ലോല പ്രദേശങ്ങൾക്കായി ഒരു 'പശ്ചിമഘട്ട സുസ്ഥിര വികസന ഫണ്ട്' പ്ലാനിംഗ് കമ്മീഷൻ രൂപീകരിക്ക

ണം. 'ഹരിത വളർച്ച' പ്രോത്സാഹിപ്പിക്കാനായി ഫണ്ട് ഉപയോഗപ്പെടുത്തണം.

7. പരിസ്ഥിതി ലോല പ്രദേശങ്ങൾക്കായും ആവാസ വ്യവസ്ഥ സംരക്ഷണത്തിനായും വിഹിതം നൽകുന്ന കാര്യം 14-ാം ധനകാര്യ കമ്മീഷൻ പരിഗണിക്കണം. പരിസ്ഥിതി സംരക്ഷണത്തിനായി പ്രാദേശിക സമൂഹങ്ങൾക്ക് ഫണ്ട് നേരിട്ട് ലഭ്യമാക്കണം.

8. പശ്ചിമഘട്ടത്തിനായി ഒരു വിജ്ഞാന വിപണന സഹായ കേന്ദ്രം കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചേർന്ന് സ്ഥാപിക്കണം.

9. പരിസ്ഥിതി ലോല ഭൂപടങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കണം.

10. പരിസ്ഥിതി ലോല പ്രദേശങ്ങളുടെ 10 കി.മീറ്ററിൽ വരുന്ന പ്രദേശങ്ങളിൽ സ്ഥാപിക്കുന്ന വികസന പദ്ധതികൾക്ക് 2006 ലെ പാരിസ്ഥിതിക ആഘാത വിലയിരുത്തൽ (EIA) വിജ്ഞാപനം ബാധകമാക്കണം.

11. ഭാവി പദ്ധതികളിൽ പരിസ്ഥിതി ലോല പ്രദേശങ്ങളിലെ ഗ്രാമസഭകൾക്ക് തീരുമാനമെടുക്കാൻ അവസരം നൽകണം. വനാവകാശ നിയമ വ്യവസ്ഥകൾ കർശനമായി നടപ്പാക്കണം.

12. പരിസ്ഥിതി ലോല പ്രദേശങ്ങളിൽ താഴെപ്പറയുന്ന നിയന്ത്രണങ്ങൾ ഉണ്ടായിരിക്കണം.

1.ഖനനം
മണൽ } പൂർണ്ണമായ നിരോധനം
പാറ

2. ഊർജ്ജം-താപവൈദ്യുത നിലയങ്ങൾ പാടില്ല. നിയന്ത്രണങ്ങൾക്കു വിധേയമായി ജലവൈദ്യുത പദ്ധതികൾ.

3. വ്യവസായം-'ചുവപ്പ്' വിഭാഗത്തിൽപ്പെട്ടവ അനുവദനീയമല്ല.

4. വാസസങ്കേതങ്ങൾ-20,000 ച. മീറ്ററും അതിലധികവുമുള്ള നിർമ്മാണം അനുവദനീയമല്ല.

മറ്റുള്ളവയെ പരിസ്ഥിതി ആഘാ

ത നിർണ്ണയ വിജ്ഞാപനത്തിലെ 'എ' വിഭാഗത്തിൽപ്പെടുത്തി പരിഗണിക്കും.

5.വനപരിവർത്തനം- സുതാര്യ പ്രക്രിയ ഏർപ്പെടുത്തണം. മന്ത്രാലയത്തിന്റെ വെബ്സൈറ്റിലിടണം.

6.സുസ്ഥിര കൃഷി-സാംസ്ക്കാരിക പ്രദേശങ്ങൾ (കൃഷി, തോട്ടങ്ങൾ ഉള്ളവ) ഒഴിവാക്കി വനസംരക്ഷണം കൃഷി നിലനിർത്താൻ ആവശ്യമാണ്.

7. എക്കോടൂറിസം - പാരിസ്ഥിതിക ആഘാത പഠനം നിർബ്ബന്ധമാക്കണം. പ്രയോജനം പ്രാദേശിക ജനസമൂഹത്തിനും ലഭിക്കണം.

8.പ്രോൽസാഹനങ്ങൾ – കേന്ദ്ര സർക്കാരിൽ നിന്ന് ധനസഹായം ലഭിക്കാൻ സംസ്ഥാനങ്ങൾ യത്നിക്കണം.

സംസ്ഥാനങ്ങളുടെ കടം തട്ടിക്കിഴിക്കാൻ ഒരു ഭാഗം ഉപയോഗിക്കണം. വനങ്ങൾക്കായി ബാക്കി ഉപയോഗിക്കണം. ഗ്രാമവികസന പദ്ധതികളും, സംരക്ഷണ പദ്ധതികളുമായി സംയോജിപ്പിക്കണം.

13. നിയമ നടപടികൾ -പാരിസ്ഥിതിക പരിഗണനകൾ വികസന പദ്ധതികളിൽ നിർബ്ബന്ധമായി ഉൾപ്പെടുത്താനായി ഭരണഘടനയിലെ കൺകറന്റ് ലിസ്റ്റ് വിഷയം 20 വിശദമാക്കാനായി 20 A എന്ന വിഷയം ഉൾപ്പെടുത്തണം.

14. പ്രത്യേക പദ്ധതി-നിലവിലുള്ള പശ്ചിമഘട്ട വികസന പദ്ധതിയുടെ അടങ്കൽ 1000 കോടിയായി ഉയർത്തണം. 90:10 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം നിശ്ചയിക്കണം.

15. 14–ാം ധനകാര്യ കമ്മീഷൻ- പരിസ്ഥിതി ലോല പ്രദേശങ്ങൾക്കായി പ്രത്യേക ധനസഹായം നല്കണം.

16. മുഖ്യമന്ത്രിമാർ ഉൾപ്പെടുന്ന പശ്ചിമഘട്ട പ്രദേശങ്ങൾക്കാ

യുള്ള ഒരു ഉന്നതാധികാര സമിതി രൂപീകരിക്കണം.

17. പരിസ്ഥിതി വിഷയങ്ങളുമായി ബന്ധപ്പെട്ട സംസ്ഥാനതല വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയുമായി ഏകോപിച്ച് പ്രവർത്തിക്കാനായി ഒരു സംസ്ഥാനതല പശ്ചിമഘട്ട സെൽ രൂപീകരിക്കണം.

18. അതിരപ്പള്ളി പദ്ധതിയുടെ കാര്യത്തിൽ ഡാം കെട്ടിക്കഴിഞ്ഞാൽ ഒഴുകുന്ന വെള്ളത്തിന്റെ ലഭ്യത സംബന്ധിച്ച് തീർച്ചയില്ല. പദ്ധതി വന്നാൽ ഉണ്ടാകാവുന്ന പാരിസ്ഥിതിക നാശവുമായി തട്ടിച്ചു നോക്കുമ്പോൾ വൈദ്യുത ഉൽപ്പാദനം ലാഭകരമാകുമെങ്കിൽ, പുനർനിർണ്ണയം നടത്തിയശേഷം അനുമതിക്കായി സംസ്ഥാന സർക്കാരിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ സമീപിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ